# സ്നേഹസ്പർശം




മുതിർന്ന പൌരന്മാരുടെ, പ്രത്യേകിച്ച് ഒറ്റക്കു താമസിക്കുന്നവരുടെ, ക്ഷേമത്തിനും സുരക്ഷക്കും ശക്തമായ നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി, ഹോട്ട് ലൈൻ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള ബഹു. സംസ്ഥാന പോലീസ് മേധാവിയുടെ നിർദ്ദേശം ലഭിച്ചിരുന്നതാണ്.

ഈ നിർദ്ദേശാനുസരണം ജനമൈത്രി പദ്ധതിയുമായി ബന്ധപ്പെട്ട വീട്ടു സന്ദർശനങ്ങളുടെ ഭാഗമായി ജില്ലയിലെ ഒറ്റക്കു താമസിക്കുന്ന 5126 മുതിർന്ന പൌരന്മാരുടെ വിവരങ്ങൾ ശേഖരിക്കുകയും ഹോട്ട് ലൈൻ സംവിധാനം ഏർപ്പെടുത്താൻ ലാന്റ് ഫോൺ കണക്ഷൻ അനിവാര്യമാകയാൽ, ആയതിന്റെ വിവരങ്ങൾ ശേഖരിച്ചപ്പോൾ 527 മുതിർന്ന പൌരന്മാരുടെ വീടുകളിലാണ് ബി.എസ്.എൻ.എൽ. ലാന്റ് ഫോൺ കണക്ഷൻ ഉള്ളതെന്നും ബോദ്ധ്യപ്പെട്ടു. തുടർന്ന് 499 വീടുകളിൽ ഹോട്ട് ലൈൻ കണക്ഷൻ നൽകുന്നതിനുള്ള സമ്മതപത്രം വാങ്ങി ബി.എസ്.എൻ.എൽ. ആധികൃതർക്ക് കൈമാറുകയും ആയതിൽ 434 ലാന്റ് ലൈൻ കണക്ഷനുകൾക്ക് ഹോട്ട് ലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടുള്ളതുമാണ്.

സംസ്ഥാന സർക്കാരിന്റെ നിർദ്ദേശങ്ങൾ യഥാവിധി നടപ്പാക്കുന്നതിന് എപ്പോഴും മുൻപന്തിയിലുള്ള സംസ്ഥാന പോലീസ് കോട്ടയത്ത് "സ്നേഹസ്പർശം" എന്ന പേരിൽ മേൽ വിവരിച്ച ഹോട്ട് ലൈൻ സംവിധാനം പൈലറ്റ് പ്രോജക്ടായി കോട്ടയം ജില്ലയിൽ 10-03-2018 തീയതിയിൽ രാവിലെ 11 മണിക്ക് KPS മേനോൻ ഹാളിൽ, ബഹു. സംസ്ഥാന പോലീസ് മേധാവി ബഹു. ലോക് നാഥ് ബെഹ്റ ഐ.പി.എസ്. ഉൽഘാടനം ചെയ്തു. ഈ പദ്ധതി ഉൽഘാടനത്തോടനുബന്ധിച്ച് "സ്നേഹസ്പർശം" എന്ന പേരോടു കൂടിയ , മുതിർന്ന പൌരന്മാർക്ക് സഹായമാകുന്ന ഒരു ഡയറക്ടറിയുടെ പ്രകാശന കർമ്മം ബഹു. സൌത്ത് സോൺ എ.ഡി.ജി.പി. ശ്രീ. അനിൽകാന്ത് ഐ.പി.എസ്. നിർവഹിച്ചു. ഇതോടനുബന്ധിച്ചുള്ള മുതിർന്ന പൌരന്മാരുടെ "സ്നേഹസംഗമം" ബഹു. എറണാകുളം റേഞ്ച് ഐ.ജി.പി. ശ്രീ. വിജയ് സാക്കറേ ഐ.പി.എസ്. നിർവഹിച്ചു.

സംസ്ഥാന പോലീസ് മേധാവിയുടെ ഉത്തരവ് പ്രകാരം മുതിർന്ന പൌരന്മാരുടെ ക്ഷേമം, സുരക്ഷിതത്വം, സംരക്ഷണം, അവർ നേരിടുന്ന മറ്റു പ്രശ്നങ്ങൾ എന്നിവയെ സംബന്ധിച്ചുള്ള ഒരു ജില്ലാതല വർക്ക്ഷോപ്പ് അന്നേ ദിവസം ഉച്ചതിരിഞ്ഞ് 02 മണിക്ക് KPS മേനോൻ ഹാളിൽ നടത്തപ്പെടുന്നു. പ്രസ്തുത വർക്ക്ഷോപ്പിൽ കോട്ടയം എം.എൽ.എ. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, കോട്ടയം ജില്ലാ കളക്ടർ ശ്രീ. ബി.എസ്. തിരുമേനി, കൂടാതെ കോട്ടയം, പാലാ ആർ.ഡി.ഒ. -മാർ, പോലീസ്, റവന്യൂ, ഓൾഡേജ് ഹോം, കോളനികൾ, റസിഡന്റ്സ് അസോസിയേഷൻ തുടങ്ങിയവയുടെ പ്രതിനിധികളും പങ്കെടുത്തു.